# അമൃതം

# അമൃത ഹൈ സ്കൂൾ

## മൂലവട്ടം കോട്ടയം




1931-ൽ മംങ്കൊമ്പ് നാരായണപ്പിള്ള തന്റെ മൂലേടത്തെ പുരയിടത്തിൽ ഒരു പ്രൈമറി വിദ്യാലയത്തിനായി നിലമൊരുക്കി ഷെഡ് കെട്ടി. 1931-ൽ തന്നെ അങ്ങനെ ഈ സരസ്വതിക്ഷേത്രം നിലവിൽവന്നു. മൂലവട്ടം ഇംഗ്ലീഷ് സ്കൂൾ എന്ന പേരിലും മൂലവട്ടം ഇംഗ്ലീഷ് മിഡിൽ സ്കൂൾ എന്ന പേരിലും ഈ സ്ഥാപനം പ്രവർത്തിച്ചു. ഏതാവും കുട്ടികളും മൂന്നോ നാലോ അധ്യാപകരുമായി സ്വന്തം ചിലവിലാണ് തുടക്കകാലങ്ങളിൽ സ്കൂൾ പ്രവർത്തിച്ചത്.

പെരുംമ്പാരക്കാട്ട് മഠം ശ്രീ ശിവരാമപിള്ള എന്ന മഹത് വ്യക്തി 1940 കളുടെ തുടക്കത്തിൽ സ്കൂൾ ഏറ്റെടുത്ത. ഇംഗ്ലീഷ് മിഡിൽ സ്കൂൾ എന്ന പേരിൽ തന്നെ സ്കൂൾ കൂടുതൽ മുറികളിലേക്ക് കൂടുതൽ കുട്ടികളുമായി വളർന്നു.

1950-ൽ ഈ വിദ്യാലയം റവറൻറ്. ഫാതർ ഗീവർഗീസ് കല്ലുപറമ്പൻ എന്ന വന്ദ്യപുരോഹിതൻ സ്കൂൾ ഏറ്റെടുത്തു. അദ്ദേഹത്തിൻെറ് പിതാവിൻെറ് സ്മരണാർത്ഥം സ്കൂളിന് VI Mathans സ്കൂൾ എന്ന് പേര് നൽകി സ്കൂൾ ഹൈസ്കൂൾ ആവുകയും 1952-ൽ TSLC (SSLC യുടെ ആദ്യരൂപം) യുടെ ആദ്യ ബാച്ച് പുറത്തിറങ്ങുകയും ചെയ്തു 1955-ൽ സ്കൂളിന് സർക്കാർ അംഗീകാരം ലഭിച്ചു. 1957 മുതൽ ജിവനക്കാർക്ക് സർക്കാർ നിശ്ചയപ്രകാരമുള്ള വേദനം നൽകിതുടങ്ങി. പിന്നീടിങ്ങോട്ട് അസൂയാവഹമായ പുരോഗതിയാണ് സ്കൂളിനുണ്ടായത്.

| |
|---|
| റവന്യൂ ജില്ല |
| കോട്ടയം |
| വിദ്യാഭ്യാസ ജില്ല |
| കോട്ടയം |
| ഉപജില്ല |
| കോട്ടയം ഈസ്റ്റ് |
| പ്രധാനാദ്ധ്യാപകൻ |
| രാജശ്രീ എം കെ |
| പി ടി എ പ്രസിഡൻറ് |
| ബിനു എസ് കുമാർ |
| മദർ പി ടി എ |
| ശ്രീജയ പി സി |
| |

1988-ൽ സ്കൂൾ അന്താരാഷ്ട്ര ചിന്മയ മിഷൻ കോട്ടയം ഘടകം ഏറ്റെടുത്തു.അപ്പോ-പുതിയ ജീവനക്കാരുടെ നിയമനം നന്നായിനടക്കുകയുണ്ടായി. സ്കൂൾ ഉത്തരോത്തരം പുരോഗതിയെ പ്രാപിച്ചു. 5 മുതൽ 10 വരെയുള്ള ക്ലാസുകൾ ഇംഗ്ലീഷ് - മലയാളം മീഡിയങ്ങളിലായി ഭംഗിയായി നടന്നുപോവുന്നു. അപ്പോഴുണ്ടായ ചില ഭൗതികസൗകര്യങ്ങലുടെ പരിമിതി ഒഴിവാക്കാൽ ചിന്മയ മിഷന്റെ കീഴിൽ സ്കൂൾ നന്നായി പ്രവർത്തിച്ചു.

സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾക്ക് വിസ്മയകരമായ മാറ്റങ്ങൾ വന്നത്. 2010-ൽ സ്കൂൾ അമൃതാന്ദമയി മഠം ഏറ്റെടുത്തതോടെയാണ്. കോട്ടയം ജില്ലയിൽ നാല് നില-കളിൽ എല്ലാ ആധുനിക സൗകര്യങ്ങളുമായി പ്രവർത്തിക്കുന്ന മറ്റൊരു വിദ്യാലയം ഇല്ലതന്നെ.

പൂജനീയ തുരിയമൃതാനന്ദപുരി സ്വാമികൾ മാനേജരായി 5 മുതൽ 10 വരെ ക്ലാസുകളിൽ അറുനൂറോളം വിദ്യാർത്ഥികളുമായി സ്കൂൾ പ്രവർത്തിക്കുന്നു. NCC,GUIDS and SCOUT,RED CROSS,LITTLE KITES തുടങ്ങിയ ഘടകങ്ങളെല്ലാം ഭംഗിയായി പ്രവർത്തിച്ചുപോരുന്നു. മൂന്നര ഏക്കർ വിസ്തൃതിയിൽ കോട്ടയം നഗര സഭയ്ക്കുള്ളിൽ ശുദ്ധമായി,സമൃദ്ധമായി ലഭിക്കുന്നതും ഉയർന്നതുമായ ഭൂമിയിൽ സ്കൂൾ പ്രവത്തിക്കുന്നു. മുകളൽ പറഞ്ഞ പ്രസ്ഥാനങ്ങളുടെ സബ് ജില്ല,ജില്ല സംസ്ഥാന ക്യാംമ്പുകൾക്ക് സ്കൂൾ വേദിയാകുന്നു. പ്രകൃതിദുരന്തങ്ങളുണ്ടാകുമ്പോൾ അശരണർക്ക് മൂലവട്ടം അമൃത എച്ച്. എസ് അഭയസ്ഥാനമാകുന്നു. നന്മയുടെ ഈ സംഗേതത്തിൽ പഠിക്കാൻ കഴിയുന്നത് ഞങ്ങൾ ഭാഗ്യമായി കാണുന്നു.

Amritha H.S
School code- 33065
moolavattom P.O kottayam
Pin:686012
Ph:04812341823
amritahsktmg.mail.com
Government guest house road,

# EDITORIAL BOARD

## CHEIF EDITOR

RAJASREE M.K,  HEAD MISTRESS

## SUB EDITORS

SAVITHA. K ANILKUMAR

AASHI V DAS

## STUDENT EDITORS

ALAN.P.R

KARTHIKA.G.NAIR

AMBADY.SUNEESH

ADARSH.AJI

### MAGAZINE COMMITEE MEMBERS

AMRITHA BABURAJ

ARYANANDHA HARIKUMAR

DAYA MADHU

PRANEESHA.P

ABIN DEEPU

AYUSH P PRADEEP

SHIVADHATH

ഈ ഡിജിറ്റൽ മാഗസീൻ നിർമാണത്തിൽ
പങ്കെടുത്ത എല്ലാവർക്കും
ആശംസകൾ

# ഉള്ളടക്കം

1. കുരങ്ങന്റെ ബുദ്ധി......................................6
2. ബുദ്ധിമാനായ കുരങ്ങൻ..........................7
3. ചിണ്ടൻ രക്ഷകൻ....................................8

# കുരങ്ങന്റെ ബുദ്ധി

ഒരി കാട്ടിൽ വളരെ വികൃതിയായ ഒരു കുരങ്ങൻ താമസിച്ചിരുന്നു. അവൻ എപ്പോഴും മരത്തിലെല്ലാം ചാടി മറിഞ്ഞുനടക്കും. അങ്ങനെയിരികെ ദൂരെ ഒരു നാട്ടിൽ നിന്നും ഉദയവർമ്മൻ എന്ന രാജാവ് നായാട്ടിനു വന്നു. അപ്പോൾ രാജാവ് ഒരു കടുവയെ കണ്ടു. അതിനെ പിൻതുടർന്ന് പോയപ്പോൾ നമ്മുടെ കുരങ്ങച്ചൻ മുൻപിൽ വന്നുചാടി, അപ്പോൾ രാജാവ് പറഞ്ഞു നല്ല ഭംഗിയുള്ള കുരങ്ങ് ഭടൻമാരോടായി പറഞ്ഞു. ആ കുരങ്ങനെ പിടി കൂടി കെട്ടാരത്തിൽ കൊണ്ടുവരു. കുരങ്ങനെ  കൊട്ടാരത്തിൽ കൊണ്ടുവന്ന വിവരം നാട്ടിൽ മുഴുവൻ പാട്ടായി. കുരങ്ങനെ കാണുവാനായി കൊട്ടാരം ആളുകളെ കൊണ്ടു നിറഞ്ഞു. ആദ്യമൊക്കൊ കുരങ്ങന് വലിയ സന്തോഷമായിരുന്നു. പഴങ്ങളും പച്ചക്കറികളും ധാന്യങ്ങളുമൊക്കൊ വയറു നിറച്ചു കിട്ടുമായിരുന്നു. പിന്നെ പിന്നെ മടുത്തു. വയറുനിറയെ തിന്നാൻ കിട്ടുന്നില്ല. പുറത്തിറങ്ങാനും പറ്റുന്നില്ല. അപ്പോൾ കുരങ്ങച്ചന് ഒരു ബുദ്ധി തോന്നി. പിറ്റേ ദിവസം ഭടൻവന്ന്നോക്കിയപ്പോൾ കുരങ്ങ് ചത്ത് കിടക്കുന്നു. അതിനെ കളയാനായി കൂട് തുറന്നപ്പോൾ കുരങ്ങൻ എഴുന്നേറ്റോടി. പിന്നെ കാട്ടിൽ അത് സന്തോഷത്തോടെ ജീവിച്ചു.

# ബുദ്ധിമാനായ മുയൽ ക്കുട്ടൻ

ഒരു കാട്ടിൽ വലിയ സിംഹം താമസിച്ചിരുന്നു. ആ കാട്ടിലുള്ള എല്ലാ മൃഗങ്ങൾക്കും ആ സിംഹത്തെ പേടിയായിരുന്നു.കാണുന്ന എല്ലാ മൃഗത്തേയും ആ ദുഷ്ടനായ സിംഹം ഭക്ഷിക്കുമായിരുന്നു. അതുകൊണ്ടുതന്നെ ആ കാട്ടിലുള്ള മൃഗങ്ങളാരും സിംഹത്തിന്റ് കൺവെട്ടത്തു കൂടി പോലും പോകാറില്ലായിരുന്നു. അങ്ങനെയിരിക്കെ ആ കാട്ടിൽ താമസിക്കുന്ന മുയലിന് ഒരു കുട്ടി ജനിക്കുന്നു. അവൻ വളർന്നു വരുന്തോറും വളരെ ശക്തി ശാലിയും ബുദ്ധി മാനുമായിരിന്നു. ഒരു ദിവസം കാട്ടിലെ മൃഗങ്ങളെല്ലാം സിംഹമറിയാതെ ഒരു ഗൂഡാലോചന നടത്തി. അതിൽ ഒരാൾ സിംഹത്തെ വധിക്കണമെന്നായിരുന്നു. എല്ലാവരും ബുദ്ധിമാനായ മുയൽക്കുട്ടനെ വിടാൻ തീരുമാനിച്ചു. അങ്ങനെ അവൻ ആ കാട്ടിലേയ്ക്ക് പോയി. അവിടെ ആ ദുഷ്ടനായ സിംഹം ഉണ്ടായിരുന്നു. ആ സിംഹം മുയൽക്കുട്ടനെ കൊല്ലാനായി വന്നപ്പോൾ അവന് ഒരു ബുദ്ധിതോന്നി. തന്നെ കൊല്ലുന്നതിനു മുൻമ്പ് ഈ കാട്ടിലുള്ള ഒരു കിണറ്റിൽ ഭീകര സിംഹം താമസിക്കുന്നുണ്ടെന്നും പറഞ്ഞ് സിംഹത്തെ കൊണ്ടുപോയി. ആകിണറ്റിൽ സിംഹം നോക്കിയപ്പോൾ തന്നെപ്പോലേ തന്നെയുള്ള ഒരു സിംഹം അതിനെ തിന്നാനായി വരുന്നത് കണ്ട് ആ ദുഷ്ടനായ മണ്ടൻ സിംഹം കിണറ്റിലേക്ക് എടുത്ത് ചാടി. അങ്ങനെ സിംഹം വെള്ളത്തിൽ മുങ്ങി മരിച്ചു. മുയൽ കുട്ടനെ അവിടത്തെ മൃഗങ്ങളെല്ലാം കൂടി രാജാവാക്കി.

# ചിണ്ടനെന്ന രക്ഷകൻ

ഒരു കാട്ടിൽ കുറച്ചു മുയലുകൾ വസിച്ചിരുന്നു. അവിടെ ഒരു രക്ഷകനും ഉണ്ട് കാടിന്റെ ചിണ്ടൻ. എന്തു പ്രശ്നം വന്നാലും ചിണ്ടനെയാണ് ആളുകൾ വിളിക്കുന്നത്. ഒരു ദിവസം മുയലുകൾ കാട്ടിലൂടെ നടക്കുംമ്പോൾ അവിടം വഴി പോകരുത് എന്നു ഒരു കരടി പറഞ്ഞു ആ മുയലുകൾ കാരണം തിരക്കീ അവിടെ ഒരു സ്ംഹം ഉണ്ട് അങ്ങോട്ട് പോയാൽ അത് കൊന്ന് തിന്നും അതുകൊണ്ട് ആ ഒരു കൂട്ടം മുയലുകൾ കാട്ടിലേക്ക് പോയി അകത്തു ചെന്ന് കുറച്ചു കഴിഞ്ഞപ്പോൾ ഒരു സിംഹം അവരുടെ മുന്നിലേക്ക് ചാടി അവർ അവരുടെ രക്ഷകനെ വിളിച്ചു. ഓടി വരണെ................ ഒരു കാറ്റിന്റെ വേഗത്തിൽ അവിടെ എത്തി. ചിണ്ടൻ എന്നെ രക്ഷികണെ എന്നു പറഞ്ഞ് ആ സിംഹത്തോ ചിണ്ടൻ ഭയപ്പെടുത്തി കാട്ടിലേക്ക് പറഞ്ഞുവിട്ടു